പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2320 13.02.2013 -ലെ മറുപടി

## മുടങ്ങിക്കിടക്കുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ - ഒറ്റപ്പാലം റൂട്ടിൽ 16 ഷെഡ്യൂളുകൾ ബസ് സർവ്വീസ് നടത്തുന്നതിനായി കെ.എസ്. ആർ.ടി.സി അനുമതി നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വീസുകൾ എന്നേക്ക് ആരംഭിക്കുവാൻ കഴിയും ; | (ബി) | തൃശ്ശൂർ-ഒറ്റപ്പാലം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ഒറ്റപ്പെട്ട സർവ്വീസുകൾ ആരംഭിച്ചാൽ ആയത് ലാഭകരമായി നടത്തുവാൻ കഴിയില്ലായെന്നാണ് മനസ്സിലാക്കുന്നത്. ചെയിൻ സർവ്വീസായി ആരംഭിച്ചാൽ ജനങ്ങൾക്ക് പ്രയോജനപ്രദവും കോർപ്പറേഷന് ഗുണകരമായിരിക്കുമെന്നും കരുതുന്നു. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവാണ് ഇത്തരത്തിൽ അനുവാദം നൽകിയ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് തടസ്സമായിരിക്കുന്നത്. ആയതിനാൽ അനുവാദം നൽകിയ തൃശ്ശൂർ-ഒറ്റപ്പാലം ചെയിൻ സർവ്വീസ്, ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ആരംഭിക്കുവാൻ കഴിയുകയുള്ളു. |
| (സി) | തൃശ്ശൂർ - കാഞ്ഞിരപ്പുഴ - ഷൊർണൂർ - ഒറ്റപ്പാലം വഴി | (സി) | വരുമാനക്കുറവ് മൂലം വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന തൃശ്ശൂർ - കാഞ്ഞിരപ്പുഴ - |

| | | | |
|---|---|---|---|
| | നടത്തിയിരുന്ന ഓർഡിനറി സർവ്വീസ് ദീർഘകാലമായി മുടങ്ങിയത് പുനരാരംഭിക്കുമോ ; എങ്കിൽ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ; | | ഷൊർണ്ണൂർ - ഒറ്റപ്പാലം വഴി നടത്തിയിരുന്ന ഓർഡിനറി സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | തൃശ്ശൂർ-മണ്ണാർക്കാട് ഓർഡിനറി സർവ്വീസ് മുടങ്ങി കിടക്കുന്നത് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്നേക്ക് ബസ് സർവ്വീസ് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | മണ്ണാർക്കാട് നിന്നും തൃശ്ശൂരിലേക്ക് 3 ഓർഡിനറി സർവ്വീസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. എന്നാൽ 06.00 മണി മണ്ണാർക്കാട് - പെരിന്തൽമണ്ണ - തൃശ്ശൂർ എന്ന ഓർഡിനറി സർവ്വീസ് വരുമാനക്കുറവ് മൂലം കഴിഞ്ഞ 6 മാസക്കാലമായി നിർത്തിവച്ചിരിക്കുകയാണ്. ടി സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ